# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

10.07.2014 ലെ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം 6949

### ഉത്തരവാദിത്ത ടൂറിസം പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. അജിത് | ശ്രീ. എ.പി.അനിൽകുമാർ (പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) ഉത്തരവാദിത്ത ടൂറിസം പദ്ധതിക്ക് സർക്കാർ നിഷ്കർഷിക്കുന്ന നിബന്ധനകൾ എന്തെല്ലാമെന്നും പ്രദേശങ്ങളെ തെരഞ്ഞെടുക്കുന്നതിന് എന്തു മാനദണ്ഡമാണ് സ്വീകരിക്കുന്നതെന്നും വിശദമാക്കാമോ; | എ) സാമൂഹിക, സാമ്പത്തിക, പാരിസ്ഥിതിക മേഖലകളിൽ ടൂറിസം പ്രവർത്തനങ്ങൾ മൂലം സൃഷ്ടിക്കപ്പെടുന്ന പ്രതികൂല ഫലങ്ങൾ കുറയ്ക്കുക, സഞ്ചാരികൾക്കും തദ്ദേശീയർക്കും ഒരുപോലെ ടൂറിസത്തിന്റെ ഗുണഫലങ്ങൾ ലഭ്യമാക്കുക, പദ്ധതി നടപ്പാക്കുന്ന ടൂറിസം കേന്ദ്രങ്ങളുടെ സമീപ പ്രദേശങ്ങളിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി നിർവ്വഹണത്തിൽ മുൻഗണന നൽകുക എന്നിവയാണ് ഉത്തരവാദിത്ത ടൂറിസം പദ്ധതിയിൽ സർക്കാർ നിഷ്കർഷിക്കുന്ന നിബന്ധനകൾ. സുപ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളായ കോവളം, കുമരകം, തേക്കടി, വയനാട്-വൈത്തിരി എന്നീസ്ഥലങ്ങൾ പരീക്ഷണാടിസ്ഥാനത്തിലാണ് പദ്ധതി പ്രദേശങ്ങളായി തെരഞ്ഞെടുത്തത്. പിന്നീട് ടൂറിസ്റ്റുകളുടെ എണ്ണം, അടിസ്ഥാന സൗകര്യങ്ങൾ, ടൂറിസം സാധ്യതകൾ എന്നീ ഘടകങ്ങൾ കണക്കിലെടുത്തുകൊണ്ട് കുമ്പളങ്ങി, ബേക്കൽ, വയനാട്-അമ്പലവയൽ എന്നീ പ്രദേശങ്ങൾ കൂടി പദ്ധതിയിൽ ഉൾപ്പെടുത്തി. ഇതുവരെയുള്ള പ്രവർത്തനങ്ങളിൽ നിന്നും തദ്ദേശീയർക്ക്, പ്രത്യേകിച്ച് സാധാരണക്കാർക്ക്, തൊഴിലവസരവും വരുമാനവും അതോടൊപ്പം ടൂറിസം വ്യവസായത്തിന് പുതിയ പാക്കേജുകളും നല്കാൻ |

(..........2)

| | | | |
|---|---|---|---|
| | | | കഴിഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഈ പദ്ധതി കൂടുതൽ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| ബി) | പ്രസ്തുത പദ്ധതിയിലൂടെ ഏതു രീതിയിലാണ് ടൂറിസ്റ്റുകളെ ആകർഷിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | ബി | പ്രാദേശിക പ്രത്യേകതകൾക്ക് ഊന്നൽ നല്കികൊണ്ട് വൈവിദ്ധ്യമാർന്ന ടൂറിസം പാക്കേജുകളും മറ്റ് ടൂറിസം അനുഭവങ്ങളും സഞ്ചാരികൾക്ക് ലഭ്യമാക്കിക്കൊണ്ടാണ് ടൂറിസ്റ്റുകളെ ആകർഷിക്കുന്നത്. വിവിധ പരസ്യപ്രചാരണ പരിപാടികളിലൂടെ ആഗോളതലത്തിൽ ഈ പദ്ധതി ശ്രദ്ധയാകർഷിച്ചിട്ടുണ്ട്. |
| സി) | ഉത്തരവാദിത്ത ടൂറിസം പദ്ധതിയുടെ നടത്തിപ്പ് ഏതു രീതിയിലാണെന്നും ഇതിൽ ടൂറിസം വകുപ്പിന്റെ പങ്ക് ഏത് രീതിയിലാണെന്നും മറ്റേതെങ്കിലും വകുപ്പിനെ ഇതിൽ പങ്കാളികളാക്കുമോ എന്നും വിശദീകരിക്കുമോ? | സി) | ടൂറിസം വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കിറ്റ്സാണ് ഈ പദ്ധതി നടപ്പാക്കുന്നതിനുള്ള നോഡൽ ഏജൻസി. ഉത്തരവാദിത്ത ടൂറിസം വഴി പ്രാദേശിക വികസനം ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തിൽ ടൂറിസം കേന്ദ്രങ്ങളിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെയും സഹകരണത്തോടെയുമാണ് ഈ പദ്ധതി നടപ്പിലാക്കിവരുന്നത്. |

സെക്ഷൻ ഓഫീസർ